DESPATCHED
On. 15/2/22.

10/2/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1580(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 14229/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 10**

Smt.Feba Persy C.S.,
Zion, T.C.8/1688(3), TRA-73,
Thirumala P.O.,
Thiruvananthapuram – 695 006.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റവന്യൂ വിംഗ്,
മുനിസിപ്പൽ കോർപ്പറേഷൻ,
തിരുവനന്തപുരം.
2) അപ്പീൽ അധികാരി & റവന്യൂ ഓഫീസർ,
മുനിസിപ്പൽ കോർപ്പറേഷൻ.
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 11/01/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി ഫേബ പേഴ്സി സി.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിലെ ചോദ്യങ്ങൾ പരിശോധിച്ച് കെട്ടിട ഉടമകളുടെ വ്യക്തിവിവരം ഒഴികെ KMBR ചട്ടപ്രകാരമുള്ള മുഴുവൻ വിവരങ്ങളും ലഭ്യമാക്കാനുള്ള ഉത്തരവ് ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് റ്റി.സി.നം.8/1689(1) എന്ന ഗാർഹിക ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടത്തെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളാണ് :

1) മേൽപ്പടി കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കണമെന്നും
2) ടി കെട്ടിടം വാണിജ്യ ആവശ്യത്തിനായി പരിവർത്തനം ചെയ്തിട്ടുണ്ടോ
3) ടി കെട്ടിടം കെ.എം.ബി.ആർ. നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ പരിവർത്തനം നടത്തി നമ്പർ ഇട്ട് നൽകിയിട്ടുള്ളതെന്നും
4) ടി കെട്ടിടം പരിവർത്തനം ചെയ്യാൻ വേണ്ടി അംഗീകൃത ലൈസൻസി വരച്ചു നൽകിയ സ്കെച്ചും പ്ലാനും നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ സമർപ്പിച്ചിട്ടുള്ള സ്കെച്ചിന്റെയും പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 17.08.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാളുടെ അപേക്ഷയിലെ 3, 4, 6, 7, 9, 11, 12, 13, 14 എന്നീ ചോദ്യങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 08.10.2021 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 27.11.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, റ്റി.സി.8/1689(1) എന്ന കെട്ടിടത്തിന്റെ നിർമ്മാണം പെർമിറ്റ് പ്രകാരം പൂർത്തിയാക്കി നികുതി നിശ്ചയിച്ചത് വർഷങ്ങൾക്ക് മുമ്പാണെന്നും ഇത്തരം കെട്ടിടത്തിന് സബ് റ്റി.സി. നൽകുമ്പോൾ പെർമിറ്റ് അസാധുവായി തീരുക എന്ന വിഷയം ബാധകമല്ലെന്നും, നിലവിലുള്ള കെട്ടിടത്തിന്റെ ഘടനയിൽ കൂട്ടിച്ചേർക്കലോ അധിക നിർമ്മാണമോ വരുത്താതെ ഉൾവശത്ത് ആന്തരികമായ മാറ്റം മാത്രമാണ് വരുത്തിയിട്ടുള്ളതെന്നും നിലവിലുള്ള പ്ലിന്ത് ഏര്യയിൽ മാറ്റം വന്നിട്ടില്ലെന്നും, പ്ലിന്ത് ഏര്യയിൽ വ്യത്യാസം വരുത്തിയിട്ടുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഒക്കുപെൻസി ലഭിച്ച ശേഷം മാത്രമാണ് നികുതി നിർണ്ണയം നടത്താറുള്ളതെന്നും, കക്ഷി ആവശ്യപ്പെട്ടിരുന്ന സ്കെച്ച് മൂന്നാം കക്ഷി വിവരമായതിനാൽ ഉടമസ്ഥന്റെ സമ്മതം ആവശ്യമാണെന്നുള്ള ധാരണയിൽ കക്ഷിക്ക് അറിയിപ്പ് നൽകിയിരുന്നു എന്നും എന്നാൽ ടി കക്ഷി വിസമ്മതം അറിയിച്ചതനുസരിച്ചാണ് പകർപ്പ് നൽകാതിരുന്നതെന്നും നിലവിലുള്ള കെട്ടിടത്തിന്റെ അധിക നിർമ്മാണമോ, കൂട്ടിച്ചേർക്കലോ വരുത്താത്തതിനാൽ ഹാജരാക്കിയിട്ടുള്ള

സ്കെച്ച് പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും, നിലവിലുള്ള കെട്ടിടത്തിന്റെ ആന്തരികമായ രൂപമാറ്റം കെ.എം.ബി.ആർ 19 ലംഘനമായി കാണാനാകില്ലെന്നും സമയബന്ധിതമായി കക്ഷിക്ക് വിവരാവകാശ അപേക്ഷയിന്മേലും, അപ്പീൽ അപേക്ഷയിന്മേലും മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, തിരുവനന്തപുരം നഗരത്തിലെ കെട്ടിടനമ്പർ 8/1689(1) എന്ന കെട്ടിടത്തെ സംബന്ധിച്ച് നൽകിയ വിവരാവകാശ അപേക്ഷയിലെ 3, 9, 11, 13 എന്നീ ഇനങ്ങൾക്ക് തെറ്റായ മറുപടിയാണ് നൽകിയതെന്നാണ് ഹർജിക്കാരിയുടെ ആക്ഷേപം എന്ന് കാണുന്നു. ആയതിൽ 3-ാം ഇനത്തിന് ടി കെട്ടിടം KMBR നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ പരിവർത്തനം നടത്തി നമ്പറിട്ട് നൽകിയിട്ടുള്ളത് എന്ന ചോദ്യത്തിന് അതെയെന്നും, Sub TC നമ്പറാണ് നൽകിയിട്ടുള്ളതെന്നുമുള്ള എസ്.പി.ഐ.ഒ.യുടെ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. 9, 11 എന്നീ ഇനങ്ങളിൽ വാണിജ്യ ആവശ്യത്തിന് വേണ്ടി പരിവർത്തനം ചെയ്യുന്നതിന് അതിർത്തി പങ്കിടുന്നവർ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്ന് കാണുന്നു. 13-ാം ഇനത്തിന് നൽകിയ മറുപടിയിലും അപാകത കാണുന്നില്ല. ആയതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ ഹർജിക്കാരി ഉന്നയിച്ച പ്രകാരമുള്ള വീഴ്ചകൾ എതിർകക്ഷികളുടെ ഭാഗത്ത് ഉണ്ടായിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നിരുന്നാലും നൽകിയ മറുപടിയിലുള്ള ഹർജിക്കാരിയുടെ ആക്ഷേപം ദൂരികരിക്കുന്നതിനായി മറുപടി തയ്യാറാക്കിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് ഒരു അവസരം കൊടുക്കേണ്ടതാണെന്നും ടി പരിശോധനയിൽ ഏതെങ്കിലും രേഖകളുടെ പകർപ്പുകൾ ഹർജിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ വിവരാവകാശ നിയമപ്രകാരം ഫീ ഈടാക്കി രേഖകളുടെ പകർപ്പുകൾ ഹർജിക്കാരിക്ക് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION

us